PROCEEDINGS OF THE TRVAVANCORE-COCHIN

LEGISLATIVE ASSEMBLY

THIRD SESSION—1951

Saturday, *the 31st March 1951*

VOL. III.] OFFICIAL REPORT [No. 18

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Saturday, the 31st March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the number in the list of admitted questions for the day).

Oral Answers

CHAIRMAN OF THE FOOD PRODUCTION BOARD

***1175.** [1] **Sri. D. Gnanasigamoni:** Will the Hon'ble Minister for Services and Appointments be pleased to state.

(*a*) whether it is true that Mr. Ikkanda Warrier, has tendered his resignation of his post as Chairman of the Food Production Board; and

(*b*) if so, the reasons that led to this step?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise.

Sri. D. Gnanasigamoni: Am I to understand that the Chairman of the Food Production Board is still attending to his duties as Chairman of the Board?

Sri. T. K. Narayana Pillai:
Yes.

ഉദ്യോഗങ്ങൾ

* ൧൭൭൩. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(൭) തിരുവിതാംകൂർ—കൊച്ചി സ്റ്റേറ്റിൽ ൧൯൫൦-ൽ എത്ര ഉദ്യോഗങ്ങൾ കൂടുതലായി സൃഷ്ടിച്ചിട്ടുണ്ട്?

(ബി) അവയിൽ ൧൦൦ രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങൾ എത്ര?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ)and(ബി) ഓരോകൊല്ലത്തെ ബഡ്ജറ്റ എസ്റ്റിമേറ്റിൽ അതാതുകൊല്ലത്തിലുള്ള ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥന്മാരുടെ എണ്ണം ചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ആ കാര്യത്തിലേക്ക ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബഡ്ഡറിൽ കൊള്ളിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. എ. കെ പാച്ചുപിള്ള: കഴിഞ്ഞ ബഡ്ജറ്റ് ഫാജറാക്കിയതിനു ശേഷം അതിനിടക്ക ആരേയും നിയമിച്ചിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. സി കേശവൻ: നിയമിച്ചിട്ടുണ്ടെങ്കിൽതന്നെ ബഡ്ജറിൽ പ്രൊവിഷൻകാണും.

ആശുപത്രിയിലെ രോഗികളുടെ ക്ഷേമം

*൧൭൭. (൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ പ്രദേശത്തു ആശുപത്രികളിൽ എഴ ഔൺസ് അരിയും ൨ ഔൺസ് മറ്റു ധാന്യങ്ങളും അനുവദിച്ചിരുന്നപ്പോൾ കൊച്ചി വിഭാഗത്തിൽ ൬ ഔൺസ് അരിയും ൪ ഔൺസ് മറ്റു ധാന്യങ്ങളും കൊടുത്തുകൊണ്ടിരുന്നതിന്റെ കാരണമെന്താണെന്നു പറയാമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ)

തിരുവിതാംകൂറിലെ ആശുപത്രികളിൽ ൭ ഔൺസ് അരിയും ൨ ഔൺസ് മറ്റു ധാന്യങ്ങളുമാണ് കൊടുത്തുകൊണ്ടിരുന്നതു എന്നു പറയുന്നതു ശരിയല്ല. ൪ മാസത്തിനു മൻപുതന്നെ ആശുപത്രികളിൽ ൬ ഔൺസ് അരിയും ൨ ഔൺസ് മറ്റു ധാന്യങ്ങളും കൊടുക്കുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളതു. എന്നാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം ചോദ്യത്തിൽ വിവരിക്കുന്ന അളവു് അതിനു മൻപുതന്നെ കൊടുത്തുവന്നിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊച്ചിയിൽ കൂടുതൽ കൊടുക്കാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: മൻപു ഇവിടെ ൬ ഔൺസും ൨ ഔൺസും ആക്കിയതിനു മൻപുതന്നെ കൊച്ചിയിൽ കൂടുതലാണ് കൊടുത്തുകൊണ്ടിരുന്നതു. ആ വ്യവസ്ഥ തുടൻപോയെന്നേയുള്ളൂ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ വ്യവസ്ഥ കൊച്ചിയിൽ നിലനിലാക്കാതെ പരിപാലിച്ചുകൊണ്ടുപോയതു് എന്തു ഉദ്ദേശത്തോടുകൂടിയാണു്?

ശ്രീ. എ. ജെ. ജാൺ: ഒരു ഉദ്ദേശവുമില്ല. പക്ഷെ കൊച്ചി കൊച്ചിയും, തിരുവിതാംകൂർ തിരുവിതാംകൂറുമായിരുന്നു എന്നുള്ള വ്യത്യാസം മാത്രം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൬ ൨ ഔൺസ്വീതം കൊച്ചിയിലുള്ള എല്ലാ ആശുപത്രികളിലും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു് എന്നാണറിയുന്നതു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വ്യത്യസ്ഥപ്പെട്ടനില എന്നുമുതലുണാണ് ആരംഭിച്ചതു?

ശ്രീ. എ. ജെ. ജാൺ: കൊച്ചിയിൽ വളരെകാലംമുമ്പു് മുതലുള്ള ഈ രീതിയിലായിരുന്നു. കഴിഞ്ഞ ൪–൫ മാസങ്ങളായി തിരുവിതാംകൂറിലെ റേറ് കൂട്ടുകയാണുചെയ്തതു.

LIBRARY ARCHIVES Kerala Legislative Assembly